362
5/1/18

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ്- ജീവനക്കാര്യം - ചീഫ് എഞ്ചിനീയറുടെ(ജലേസചനവും ഭരണവും) കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(കൈ)നം./94 /20I17/ജ.വി.വ തീയതി, തിരുവനന്തപുരം, 29/12/2017.

---

പരാമർശം:- 1) സ.ഉ(പി)നം.501/2005/ധന. തീയതി 25/11/2005

2) ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ 18/03/2017,16.6.2017,19.10.17 തീയതികളിലെ ബി8/32667/2007നമ്പർ കത്തുകൾ.

## ഉത്തരവ്

ചീഫ് എഞ്ചിനീയറുടെ (ജലേസചനവും ഭരണവും) ഓഫീസിൽ സ്വീപ്പിംഗ് ഏരിയ 1718.98M2 ഉള്ളതിനാൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക കൂടി സൃഷ്ടിക്കണമെന്ന്, ചീഫ് എഞ്ചിനീയർ (ജലേസചനവും ഭരണവും) പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി തസ്തികയുടെ വാർഷിക സാമ്പത്തിക ബാധ്യത 1,34,350/- (ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തി മുന്നൂററി അമ്പത്) രൂപയാണ് എന്നും ചീഫ് എഞ്ചിനീയർ (ജലേസചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 1 ലെ ഉത്തരവ് അനുസരിച്ച ആവശ്യമായ രേഖകളെല്ലാം ലഭ്യമാക്കിയിട്ടുള്ളതിനാലും ചീഫ് എഞ്ചിനീയർ (ഐ&എ) യുടെ ഓഫീസിലെ സ്വീപ്പിംഗ് ഏരിയ 1718.98 m2 ആണെന്ന് പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ജലേസചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 9340-220-11000-240-12300-260-13600- 300-14800 രൂപ ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക കൂടി സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എം.എബ്രഹാം**

**ചീഫ് സെക്രട്ടറി**

ചീഫ് എഞ്ചിനിയർ (ഐ &എ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ ആന്റ് ഇ ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ വകുപ്പ് (vide U.O [R ] 554899/Exp-C2/62/2017/Fin dated 11/08/2017 ).
പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം.നം.1775 തീയതി 26/12/2017)
ഇൻഫർമേഷൻ ഓഫീസർ, ഐ ആന്റ് പി.ആർ.ഡി വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

നം. 72/ജി3/2017/ജ.വി.വ.

25

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 26-12-2017

ഫയൽ നം.72/എ3/2017/ജ.വി.വ. ഇനം നം: 1775

വിഷയം : ജലവിഭവ വകുപ്പ് - ജലസേചന വകുപ്പിലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, ജലവിഭവ വകുപ്പ്.

50(A)
27/12/17

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 72/എ 3/2017/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എ) വകുപ്പ് |
| 3. | വിഷയം | : | ജവിവ-ജലസേചന വകുപ്പിലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01/12/2017 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സീനത്തുബീവി എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/12/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.കെ.എം.എബ്രഹാം |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/12/2017 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.മാത്യു റ്റി.തോമസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/12/2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/12/2017 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീപ്പിംഗ് ഏരിയ 1718.98M² ഉള്ളതിനാൽ വാർഷിക സാമ്പത്തിക ബാദ്ധ്യത 1,34,350/- (ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തി മുന്നൂററി അമ്പത്) രൂപയിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക കൂടി സൃഷ്ടിക്കണമെന്ന് ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും), 18/03/2017 ലെ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ചീഫ് എഞ്ചിനീയർ (ഐ&എ) യുടെ ഓഫീസിലെ സ്വീപ്പിംഗ് ഏരിയ 1718.98 m² ആണെന്ന് പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"സ.ഉ(പി)നം.501/2005/ധന തീയതി 25/11/2005 ലെ ഉത്തരവ് അനുസരിച്ച് ആവശ്യമായ രേഖകളെല്ലാം ലഭ്യമാക്കിയിട്ടുള്ളതിനാൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി നിയമനം നടത്തുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4) മേൽ സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ ഓഫീസിലെ സ്വീപ്പിംഗ് ഏരിയ 1718.98 m² ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 9340-220-11000-240-12300-260-13600-300-14800 എന്ന ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക കൂടി സൃഷ്ടിക്കാവുന്നതും ടി തസ്തികയിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി നടത്താവുന്നതുമാണ്.

5) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കാൻബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ 9340-220-11000-240-12300-260-13600-300-14800 രൂപ ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക കൂടി സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി നിയമനം നടത്താമോ?